# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/195/2017 2017 സെപ്റ്റംബർ 18

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ ഇന്ന് (സെപ്തംബർ 19) വൈകുന്നേരം നാലുമണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ പി. ജി. പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലയിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ടുമായി ഇന്ന് (സെപ്തംബർ 19) വൈകീട്ട് നാല് മണിയ്ക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇന്ന് (സെപ്തംബർ 19) വൈകീട്ട് നാല് മണിക്ക് ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്' കോളേജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പുവരുത്തേണ്ടതുമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**